# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ (പി.കെ.ഡി)-പി14/1495/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/11/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ (പി.കെ.ഡി)-പി14/1495/2023 തീയ്യതി: 07/11/2023

## പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-12-2022 മുതൽ 03-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാം മനോഹർ. വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 04-09-2023 | 14-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-09-2023 | 14-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുസ്മിത.കെ.വി- ഓഡിറ്റ് ഓഫീസർ
ബിന.എം.വി -സീനിയർ ഗ്രേഡ് ഓഡിറ്റർ
കാർത്തിക.പി -സീനിയർ ഗ്രേഡ് ഓഡിറ്റർ
ലിക്സി അലക്സ്- ഓഡിറ്റർ
അനിത.കെ - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രസീത.എൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.പി.കെ അംബുജാക്ഷൻ | സെക്രട്ടറി | 01-04-2022 | 27-09-2022 |
| ശ്രീ.സുരേഷ് എം | സെക്രട്ടറി | 28-09-2022 | 27-12-2022 |
| ശ്രീ.പി.കെ അംബുജാക്ഷൻ | സെക്രട്ടറി | 28-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അലക്സിസ് .വി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അഞ്ജു എം ഹനീഫ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീ.എൻ.പ്രസന്നകുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 12-09-2022 |
| ശ്രീമതി.വിനീത. പി | അസിസ്റ്റന്റ് എഞ്ചിനീയർ | 13-09-2022 | 31-03-2023 |
| ഡോ.ജയൻ.എം | വെറ്ററിനറി സർജൻ | 01-04-2022 | 27-03-2023 |
| ഡോ.ആര്യ | വെറ്ററിനറി സർജൻ | 28-03-2023 | 31-03-2023 |
| ശ്രീ.എ.ജയകൃഷ്ണൻ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.മണികണ്ഠൻ.വി | വി ഇ ഒ സർക്കിൾ 1 & 111 | 01-04-2022 | 31-03-2023 |
| ശ്രീ.അഖിൽ .ജി | വി ഇ ഒ 11 | 01-04-2022 | 12-08-2022 |
| ശ്രീ.കൃഷ്ണദാസ് .പി | വി ഇ ഒ 11 | 13-08-2022 | 31-03-2023 |
| ശ്രീ.ടി.ഗിരീഷ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 27-10-2022 |
| ശ്രീ.സോമൻ പി വി | അസിസ്റ്റന്റ് സെക്രട്ടറി | 28-10-2022 | 31-03-2023 |
| ശ്രീമതി.ദിവ്യ പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 07-01-2023 |
| ശ്രീ.അഭിജിത്ത് കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 08-01-2023 | 31-03-2023 |
| ഡോ. വിനേഷ് പി വി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. ഫാത്തിമ രഹന | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. സ്മിത എം.ഇ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 07-02-2023 |
| ശ്രീമതി. പ്രീത സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 08-02-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ലെഡ്ജറും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല | 1-1-5 |
| 7 | വാർഷികകണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | തൊഴിൽ നികുതി പരിശോധനയിൻ മേലുള്ള കണ്ടെത്തലുകൾ | 1-11 |
| 18 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-11-1 |
| 19 | സ്ഥാപന രജിസ്റ്റർ കാലികമാക്കുന്നില്ല | 1-11-2 |
| 20 | സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11-3 |
| 21 | തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-11-4 |
| 22 | വസ്തു നികുതി | 1-12 |
| 23 | ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷവും വസ്തു നികുതി ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നു | 1-12-1 |
| 24 | നികുതിയിൽ നിന്ന് ഇളവില്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു | 1-12-2 |
| 25 | മൊബൈൽ ടവറുകൾക്ക് മേൽക്കരയ്ക്ക് ഇളവ് നൽകി | 1-12-3 |
| 26 | വസ്തുനികുതി പരിഷ്കരണം 2023- തൽസ്ഥിതി | 1-13 |
| 27 | വാടകരേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-14 |
| 28 | ലൈസൻസ് രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-15 |

| | | |
|---|---|---|
| 29 | പെൻഷണർമാരുടെ മരണശേഷവും പെൻഷൻ വ്യക്തിഗതഅക്കൗണ്ടിലേക്ക് കൈമാറി | 1-16 |
| 30 | ഹോമിയോ ഡിസ്പെൻസറി- മരുന്ന് ലഭ്യമായിട്ടില്ല. | 1-17 |
| 31 | ക്ഷീരസംഘങ്ങൾ മുഖേന അളക്കുന്ന പാലിന് സബ്സിഡി പ്രോജക്ട് -ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു | 1-18 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-19 |
| 33 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മുഴുവനും മീറ്ററിംഗ് സംവിധാനം ഏർപ്പടുത്തിയില്ല | 1-20 |
| 34 | തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ഇല്ലാതെ മെയിന്റനൻസ് നടത്തുന്നു | 1-21 |
| 35 | പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-22 |
| 36 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-23 |
| 37 | വരൾച്ചാ ദുരിതാശ്വാസം-കുടിവെള്ളവിതരണം -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-24 |
| 38 | സി.സി.ടി.വി ക്യാമറകൾ നിരീക്ഷിക്കേണ്ടതും പ്രവർത്തനം മോണിറ്ററിങ്ങ് ചെയ്യേണ്ടതുമാണ്. | 1-25 |
| 39 | ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-26 |
| 40 | അങ്കണവാടി പോഷകാഹാരം പദ്ധതി -ബാധകമായ ടി.ഡി.എസ്.ഈടാക്കിയിട്ടില്ല | 1-27 |
| 41 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-28 |
| 42 | ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല | 1-29 |
| 43 | എസ്.സി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-30 |
| 44 | പഠനമുറി നിർമ്മാണം- പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-31 |
| 45 | ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-32 |
| 46 | ഭവന പുനരുദ്ധാരണം -ജനറൽ (സ്പിൽ ഓവർ)- ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-33 |
| 47 | വീട് വാസയോഗ്യമാക്കൽ-എസ്.സി.പി -പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-34 |
| 48 | സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്നതിലെ കാലതാമസം | 1-35 |
| 49 | മരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം | 1-36 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷികകണക്കുകൾ |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1/31-7-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 18-08-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

li. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

lii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുതുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തിയതി: 07-11-2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4815598.00 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 47292676/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-4 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും അവസാനത്തിലുമാണ് ഡിമാന്റ് രേഖപ്പെടുത്തുന്നത്.

### 1-1-5 ലെഡ്ജറും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. ഉദാ. വസ്തുനികുതി, തൊഴിൽ നികുതി.

### 1-1-6 വാർഷികകണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് – വാർഷികകണക്കിലെ തുകകളും രജിസ്റ്ററിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-2 ബജറ്റ്

26-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 08.03.2023ലെ ഭരണ സമിതി യോഗതീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

പുതുക്കിയ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 156568550 |
| തൻവർഷം വരവ് | 494069368 |
| ആകെ വരവ് | 650637918 |
| ചെലവ് | 578057038 |
| നീക്കിയിരിപ്പ് | 72580880 |

വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തി കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 68810322 |

| | |
|---|---|
| വരവ് | 146909832 |
| ആകെ | 215720154 |
| ചെലവ് | 142094234 |
| നീക്കിയിരിപ്പ് | 73625920 |

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (ACR) | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 39375000 | 39375000 | 37539796 | 1835204 |
| വികസനഫണ്ട് - എസ്.സി.പി | 0 | 13996821 | 13996821 | 11218658 | 2778163 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 3806942 | 3806942 | 3588208 | 218734 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 14871000 | 14871000 | 11586575 | 3284425 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 10272000 | 10272000 | 9508526 | 763474 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി | 2432396 | 0 | 2432396 | 1017619 | 1414777 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ഗ്രാന്റ്- ട്രഷറി | 1932048 | 0 | 1932048 | 1543966 | 388082 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 2564031 | 10271000 | 12835031 | 8995189 | 3839842 |

| | | | | | |
|---|---|---|---|---|---|
| ടൈഡ് -ഗ്രാന്റ്- ബാങ്ക് | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഗ്രാന്റ്- ബാങ്ക് | 995393 | 7137910 | 8133303 | 6681479 | 1451824 |

അൺ ടൈഡ് ഗ്രാന്റ്-ബാങ്ക് വരവിൽ 290910 രൂപ പലിശയും ഉൾപ്പെട്ടിട്ടുണ്ട്.

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 1237902 | 2542274 | 3780176 | 2114885 | 1665291 |
| ശുചിത്വം | 943099 | 0 | 943099 | 0 | 943099 |
| TSC | 1456691 | | 1456691 | 1077141 | 379550 |
| WGDP | 269747 | 0 | 269747 | 0 | 269747 |

തൊഴിലുറപ്പ് പദ്ധതി

| എം.എൻ. ആർ. ഇ. ജി.എസ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2 | 1662029 | 1662031 | 1660708 | 1323 |
| തൊഴിലാളികളുടെ വേതനം | | 69172522 | 69172522 | 69172522 | 0 |
| | 2 | 70834551 | 70834553 | 70833230 | 1323 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് & -പലിശ | 0 | 354444 | 354444 | 149227 | 205217 |
| ഹെൽത്ത് & വെൽനസ് ഗ്രാന്റ് | 0 | 212998 | 212998 | 6612 | 206386 |
| സാക്ഷരത | 9370 | 0 | 9370 | 0 | 9370 |
| ലൈഫ് | 978000 | 5980000 | 6958000 | 5620000 | 1338000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ |
|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | % |
|---|---|---|---|---|
| 290 | 308391583 | 218 | 142410203 | 75% |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതിച്ചെലവുകളുടെ വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 14935650 | 13877730 | 93 |
| വെറ്റിനറി സർജൻ | 18 | 12 | 11860000 | 2629070 | 22 |
| മെഡിക്കൽ ഓഫീസർ (PHC) | 11 | 11 | 4162655 | 3523263 | 85 |
| മെഡിക്കൽ ഓഫീസർ (Homoeo) | 4 | 4 | 580000 | 574760 | 99 |
| മെഡിക്കൽ ഓഫീസർ (ISM) | 3 | 3 | 1750000 | 1250000 | 71 |
| ICDS സൂപർവൈസർ | 14 | 8 | 11886662 | 7542465 | 63 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 58 | 37 | 62731455 | 35306522 | 56 |
| ഹെഡ്മാസ്റ്റർ (GLPS) | 8 | 3 | 3595608 | 2513248 | 7 |
| VEO | 9 | 6 | 14760840 | 4583920 | 31 |

| | | | | | |
|---|---|---|---|---|---|
| | 9 | 7 | 91959000 | 21202272 | 23 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 129 | 105 | 75519713 | 40311564 | 53 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 2610000 | 2597306 | 99.99 |
| അസിസ്റ്റന്റ് സെക്രട്ടറി | 17 | 12 | 12040000 | 6498083 | 54 |
| ആകെ | 290 | 218 | 308391583 | 142410203 | 46.18 |

അംഗീകാരം ലഭിച്ച പദ്ധതികളിൽ എണ്ണം (75%) നടപ്പാക്കിട്ടുണ്ട്. വകയിരുത്തിയ തുകകളിൽ 46% ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിച്ച് പരമാവധി ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2 | 1662029 | 1662031 | 1660708 | 1323 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം (ബാങ്ക് ചാർജ്) | | 69172522 | 69172522 | 69172522 | 0 |
| | 2 | 70834551 | 70834553 | 70833230 | 1323 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4248800 | 407 |
| വിധവാപെൻഷൻ | 25695100 | 2479 |
| വാർദ്ധക്യകാലപെൻഷൻ | 48502100 | 4843 |
| വികലാംഗ പെൻഷൻ | 6065400 | 596 |
| അവിവാഹിത പെൻഷൻ | 1277200 | 118 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 04-9-2023 ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 40816/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാവേണ്ടതുണ്ട്. ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

നികുതി, നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിൽ പഞ്ചായത്തിൽ കാര്യക്ഷമമായ ഇടപെടൽ തൻവർഷം ഉണ്ടായിട്ടില്ല. വസ്തു നികുതി സോഫ്റ്റ് വെയറിൽ ഡാറ്റ എൻട്രിയിലെ അപാകതകൾ പരിഹരിച്ച് നികുതി നിർണ്ണയം കൃത്യമാക്കേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്.
ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിക്ഷേപിച്ച തുകകളുടെ വിനിയോഗം മോണിറ്റർ ചെയ്യേണ്ടതാണ്.
തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് തയ്യാറാക്കി അതിനെ അടിസ്ഥാനമാക്കി മാത്രം അറ്റകുറ്റപണികൾക്ക് തുക അനുവദിക്കേണ്ടതാണ്.
ഭവനം, പഠനമുറി നിർമ്മാണങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

15-3-2023 മുതൽ 25-3-2023 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2019-20 മുതൽ 3/23 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. 19.6.23 ന് റിപ്പോർട്ട് ലഭിച്ചു. 13 പരാമർശങ്ങൾ തീർപ്പാക്കുവാനുണ്ട്.

പെർഫോമൻസ് ഓഡിറ്റ് 8/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ട് 12.1.23 ന് ലഭിച്ചിട്ടുണ്ട്. ഇതിനുശേഷം പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

1-11 തൊഴിൽ നികുതി പരിശോധനയിൻ മേലുള്ള കണ്ടെത്തലുകൾ

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടുനടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്നവരുടേയും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേലും തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു

1-11-1 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 205 ഇ പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസുമൂലം തൊഴിൽനികുതി ഈടാക്കാൻ ബാധ്യസ്ഥരായവരോട് അവരുടെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും ആവശ്യപ്പെടേണ്ടതും ലഭിക്കുന്ന വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുമാണ്. വകുപ്പ് 205 ഐ പ്രകാരം ഈ രജിസ്റ്ററിലുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ സ്ഥാപനങ്ങളുടേയോ ഓഫീസുകളുടെയോ പേരുകളും മേൽവിലാസങ്ങളും ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിലവിൽ തൊഴിൽ നികുതി രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത് പഞ്ചായത്തിൽ ലഭിക്കുന്ന റിട്ടേണുകളിൽ ലഭ്യമാക്കിയ വിവരങ്ങൾ ക്രോഡീകരിച്ച് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ 1&2 പാദം രജിസ്റ്ററുകളാണ്. ഈ രജിസ്റ്റർ പരിശോധിച്ചാൽ ആകെ എത്ര സ്ഥാപനങ്ങൾ

ഉണ്ടെന്നോ എത്ര സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കാൻ അവശേഷിക്കുന്നുണ്ടെന്നോ അറിയുവാൻ സാധിക്കില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാനാവുന്നില്ല. ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് ജീവനക്കാരുടെ എണ്ണം, പേരുവിവരങ്ങൾ എന്നിവ ഉൾപ്പെടുന്ന ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരും നികുതി അടവാക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനും കഴിയുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (22/11.09.2023) മറുപടിയായി ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് രജിസ്റ്റർ തുടർ വർഷങ്ങളിൽ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് ജീവനക്കാരുടെ എണ്ണം, പേരുവിവരങ്ങൾ എന്നിവ ഉൾപ്പെടുന്ന ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

### 1-11-2 സ്ഥാപന രജിസ്റ്റർ കാലികമാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ 912 ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ കെട്ടിടങ്ങൾ, മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ്മെൻറ് ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത 56 വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ ,വാണിജ്യാവശ്യത്തിനുള്ളവ 2598 കെട്ടിടങ്ങൾ എന്നിവ സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റാ പ്രകാരം ഉണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള സ്ഥാപന ലിസ്റ്റിൽ 460 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്( 22/11.09.2023) മറുപടിയായി സ്ഥാപന രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-11-3 സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

സഞ്ചയ ഡാറ്റ പ്രകാരമുള്ള താഴെ പറയുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനം | സഞ്ചയ ഡാറ്റാ പ്രകാരമുള്ള ഉപയോഗക്രമം |
|---|---|---|---|
| 1 | 13/733 | ദ്രശ മുഹമ്മദ് (മാനേജിംഗ് ഡയറക്ടർ തായി ഇൻഗോട്സ് പി.വി.ടി, നിഡ കഞ്ചിക്കോട് | ഇതര വ്യവസായാവശ്യമുള്ളവ |
| 2 | 13/739 | കെ. പ്രീത (എം. ഡി) (എം/എസ്. പെൻറാ പ്ലസ് റബ്ബർ പ്രൊഡക്ടസ് പ്രൈവറ്റ് ലിമിറ്റഡ്,നിഡ, കഞ്ചിക്കോട് | ഇതര വ്യവസായങ്ങൾ ക്കാവശ്യമുള്ളവ |
| 3 | 13/749 | എം.ഡി | ഇതര വ്യവസായങ്ങൾ |

| | | | |
|---|---|---|---|
| | | (എ.പി.സ്റ്റീൽസ്, നിഡ, കഞ്ചിക്കോട് പി ഒ | ക്കാവശ്യമുള്ളവ |
| 4 | 13/953 | വി.വി.ബാബൂ (എം/എസ് ജെസ്കോ പൈപ്പ്സ്,നിഡ, കഞ്ചിക്കോട് | ഇതര വ്യവസായങ്ങൾ ക്കാവശ്യമുള്ളവ |
| 5 | 13/1045 | എം.ഡി. അനിൽകുമാർ (എസ്കോ പൈപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ്,വൈസ് പാർക്ക്,കഞ്ചിക്കോട് | ഇതര വ്യവസായങ്ങൾ ക്കാവശ്യമുള്ളവ |
| 6 | 16/912 | സോമസുന്ദരം (സി.പി.എസ്.സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ്, നിഡ, കഞ്ചിക്കോട് | ഇതര വ്യവസായങ്ങൾ ക്കാവശ്യമുള്ളവ |
| 7 | 16/918 | ആർ. ഇളങ്കോവൻ (കൃഷ്ണ സ്റ്റീൽസ് റോളിംഗ് മിൽ, നിഡ, കഞ്ചിക്കോട് പി | ഇതര വ്യവസായങ്ങൾ ക്കാവശ്യമുള്ളവ |
| 8 | 16/921 | മാനേജിംങ്ങ് ഡയറക്ടർ (പാലക്കാട് റബ്ബർ വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ്, നിഡ | ഇതര വ്യവസായങ്ങ ൾക്കാവശ്യമുള്ളവ |
| 9 | 16/956 | എം.എസ്. മാരിക്കോ ലിമിറ്റഡ് (നിഡ, മേനോൻപാറ റോഡ്, കഞ്ചിക്കോട് പി ഒ | ഇതര വ്യവസായ ങ്ങൾക്കാവശ്യമുള്ളവ |
| 10 | 16/978 | മാനേജിംഗ് ഡയറക്ടർ (ബ്രിസ്റ്റോ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്, നിഡ, | ഇതര വ്യവസായ ങ്ങൾക്കാവശ്യമുള്ളവ |
| 11 | 16/1103 | മാനേജിംങ്ങ് ഡയറക്ടർ (ആക്ടീവ് ചാർ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, നിഡ, കഞ്ചിക്കോട് | ഇതര വ്യവസായങ്ങ ൾക്കാവശ്യമുള്ളവ |

| | | | |
|---|---|---|---|
| 12 | 16/1230 | അനന്തകൃഷ്ണൻ (ആര്യജ ഇൻസ്ട്രീസ്, നിഡ, കഞ്ചിക്കോട് പി ഒ, | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ്മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (22/11.09.2023) മറുപടിയായി മേൽ സ്ഥാപനങ്ങൾ കഞ്ചിക്കോട് നിഡയിൽ പ്രവർത്തിക്കുന്നതാണെന്നും ടി സ്ഥാപനങ്ങൾ സർക്കാർ വിജ്ഞാപനം ചെയ്ത വ്യവസായ മേഖലയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളായതിനാൻ പഞ്ചായത്തിൽ യാതൊരു നികുതിയും അടവാക്കേണ്ടതില്ലായെന്ന് കഞ്ചിക്കോട് ഇൻഡസ്ട്രിയൽ ഫോറം (KIF) ബഹു ഹൈകോടതിയിൽ നിന്ന് സ്റ്റേ ഉത്തരവ് കൈപറ്റിയിട്ടുണ്ടെന്നും ടി സ്റ്റേ വെക്കേറ്റ് ചെയ്യുവാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-11-4 തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻകടകൾ, കല്യാണ മണ്ഡപങ്ങൾ എന്നിവയിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (22/11.09.2023) മറുപടിയായി തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-12 വസ്തു നികുതി

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207 വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203 വകുപ്പ് പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

1-12-1 ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷവും വസ്തു നികുതി ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നു

2013 വർഷത്തിന് മുമ്പ് നികുതി നിർണയിച്ച ഘടനാപരമായ മാറ്റമില്ലാത്ത താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. സ.ഉ.(എം.എസ്.)നം.144/2015/തസ്വഭവ, തീയതി 27.04.2015, സ.ഉ.(എം.എസ്.)നം.358/2015/തസ്വഭവ, തീയതി 16.12.2015 എന്നീ ഉത്തരവുകൾ പ്രകാരം ഘടനാപരമായ മാറ്റം വരുത്താതെ പരിമിതപ്പെടുത്തിയ കെട്ടിടങ്ങൾക്ക് 1-4-2013 മുമ്പ് ഉണ്ടായിരുന്ന

നികുതി ഈടാക്കിയാൽ മതിയെന്ന് നിഷ്കർഷിക്കുന്നു.

| ക്രമ നം. | ബിൽഡിംഗ് ഐ.ഡി | കെട്ടിട നമ്പർ |
|---|---|---|
| 1 | 50891010011239 | 3/59/ |
| 2 | 50891010011250 | 3/66/ |
| 3 | 50891010011251 | 3/67/ |
| 4 | 50891010011254 | 3/68/ |
| 5 | 50891010011275 | 3/76/ |
| 6 | 50891010011336 | 3/99/ |
| 7 | 50891010014563 | 3/456/ |
| 8 | 50891010014251 | 3/612/ |
| 9 | 50891010015836 | 4/42/ |
| 10 | 50891010016120 | 4/650/ |
| 11 | 50891010015209 | 5/172/ |
| 12 | 50891010015321 | 5/212/ |
| 13 | 50891010014362 | 7/586/ |
| 14 | 50891010013520 | 8/561/ |
| 15 | 50891010009524 | 9/39/ |
| 16 | 50891010010267 | 9/425/ |
| 17 | 50891010019758 | 9/773/ |
| 18 | 50891010019759 | 9/774/ |
| 19 | 50891010019760 | 9/775/ |
| 20 | 50891010019761 | 9/776/ |
| 21 | 50891010017499 | 9/838/ |
| 22 | 50891010020866 | 10/745/ |
| 23 | 50891010020273 | 11/651/ |
| 24 | 50891010020274 | 11/652/ |
| 25 | 50891010008748 | 12/631/ |
| 26 | 50891010002329 | 13/65/ |
| 27 | 50891010003523 | 13/655/ |
| 28 | 50891010010939 | 14/480/ |
| 29 | 50891010010942 | 14/481/ |
| 30 | 50891010010944 | 14/482/ |
| 31 | 50891010010947 | 14/483/ |
| 32 | 50891010010961 | 14/488/ |
| 33 | 50891010010965 | 14/489/ |
| 34 | 50891010010967 | 14/490/ |
| 35 | 50891010010982 | 14/495/ |

| | | |
|---|---|---|
| 36 | 50891010010985 | 14/496/ |
| 37 | 50891010011043 | 14/517/ |
| 38 | 50891010011045 | 14/518/ |
| 39 | 50891010011047 | 14/519/ |
| 40 | 50891010011050 | 14/520/ |
| 41 | 50891010011060 | 14/525/ |
| 42 | 50891010019587 | 15/670/ |
| 43 | 50891010018258 | 16/1121/ |
| 44 | 50891010009973 | 17/289/ |
| 45 | 50891010010338 | 17/432/ |
| 46 | 50891010011539 | 17/951/ |
| 47 | 50891010000913 | 18/1/ |
| 48 | 50891010002872 | 18/791/ |
| 49 | 50891010008858 | 19/357/ |
| 50 | 50891010008857 | 19/356/ |
| 51 | 50891010008860 | 19/359/ |
| 52 | 50891010008868 | 19/367/ |
| 53 | 50891010008020 | 19/572/ |
| 54 | 50891010008923 | 19/698/ |
| 55 | 50891010002515 | 21/214/ |
| 56 | 50891010002876 | 18/792/ |
| 57 | 50891010019070 | 18/897/ |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും മേൽ അപാകതകൾ പരിഹരിക്കാത്തതിനുള്ള കാരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 23/11-09-2023ന് മറുപടിയായി സഞ്ചയസോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-12-2 നികുതിയിൽ നിന്ന് ഇളവില്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു

പഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതിയിൽ നിന്ന് ഇളവ് അനുവദിച്ചിട്ടുണ്ട്

| കെട്ടിട നമ്പർ | സ്ഥാപനം | നികുതി ഇളവിന് കാരണം |
|---|---|---|
| 11/729 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ | സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സൗജന്യമായി നിർമ്മിച്ചുകൊടുത്ത വാസഗൃഹം (സെ. 207 (1 (ജെ) ) |
| 11/528 | ഫോറസ്റ്റ് റേഞ്ച് ഓഫീസർ | കാരണം രേഖപ്പെടുത്തിട്ടില്ല |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 ഉപവകുപ്പ് (1) എ മുതൽ ജെ വരെയുള്ള

കെട്ടിടങ്ങളെ മാത്രമാണ് നികുതി, ഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. നികുതി ഇളവിന് അർഹതയില്ലാത്ത മേൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/11.09.2023) മറുപടിയായി ഫീൽഡ് പരിശോധന നടത്തി നികുതി പുനക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വസ്തുനികുതി ഇളവിനുള്ള അർഹത പരിശോധിച്ച് പ്രസ്തുത കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തി ഈടാക്കേണ്ടതും കെട്ടിടത്തിന്റെ ഫോം-6 ഹാജരാക്കേണ്ടതുമാണ്.

1-12-3 മൊബൈൽ ടവറുകൾക്ക് മേൽക്കൂരയ്ക്ക് ഇളവ് നൽകി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ച് പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന്റെ കൃത്യത ഫോറം 6 മായി പൊരുത്തപ്പെടുത്തി പരിശോധിച്ചതിൽ മേൽക്കൂര ഇല്ലാത്ത ടവറിന് മേൽക്കൂരയുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമല്ലാതെ വസ്തുനികുതിയിന്മേൽ ഇളവ് അനുവദിച്ചതായി കാണുന്നു.

| കെട്ടിട നമ്പർ/ വിസ്തീർണ്ണം | നിലവിലെ വസ്തുനികുതി നിർണ്ണയം (ടവറുകൾക്ക് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക്- 500/ച.മീ) | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ടത് | നഷ്ടം |
|---|---|---|---|
| 11/607<br>M/s ഇൻഡസ് ടവേഴ്സ് (IN-1095597) മൊബൈൽ ടവർ<br>10ച.മീ | 10x500= 5000<br>ഇളവ്-10% (മേൽക്കൂര)<br>BT- 4500.00<br>LC- 225.00<br>Total-4725 | 10x500= 500<br>ഇളവ് -ഇല്ല<br>BT- 5000<br>LC- 250<br>Total- 5250 | 525 രൂപ |
| 12/102<br>എ.ടി.സി, കെ.ഇ.ആർ.പി.എ.എൽ, 0717, | 5x500= 2500<br>ഇളവ്-10% (മേൽക്കൂര)<br>BT- 2250<br>LC- 113<br>Total-2363 | 5x500= 2500<br>ഇളവ് -ഇല്ല<br>BT- 2500<br>LC- 125<br>Total- 2625 | 262 രൂപ |

ഇളവില്ലാത്ത ടവറിന് മേൽക്കൂര ഇനത്തിൽ ഇളവനുവദിച്ചതിനാൽ നഷ്ടം ഉണ്ടാകുന്നുണ്ട്. ഇത്തരത്തിൽ നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/12.09.2023) മറുപടിയായി ഫീൽഡ് പരിശോധന നടത്തി വസ്തു നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് കെട്ടിടത്തിന്റെ ഫോം-6 സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-13 വസ്തുനികുതി പരിഷ്കരണം 2023- തൽസ്ഥിതി

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

2.സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 23 വാർഡുകളിലായി 23685 കെട്ടിടങ്ങളാണ് നിലവിലുള്ളത്. വസ്തുനികുതി പരിഷ്കരണ ഉത്തരവിന് വിധേയമായി പുതുശ്ശേരി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ചുവടെ ചേർക്കുന്നു

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കൽ

2022-23 വർഷം വരെ വസ്തുനികുതി നിശ്ചയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തു നികുതിയോടൊപ്പം അഞ്ചു ശതമാനം വർദ്ധനവ് വരുത്തി പുതുക്കി നിശ്ചയിക്കേണ്ടതാണെന്നും വസ്തുനികുതിയോടൊപ്പം സേവന ഉപ നികുതികളും പുതുക്കി നിശ്ചയിക്കാവുന്നതും പുതുതായി സേവന ഉപ നികുതികൾ ചുമത്തുകയും ചെയ്യാവുന്നതാണെന്നും വസ്തു നികുതി പരിഷ്കരണ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്. സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ചുമത്തുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്.

2. അടിസ്ഥാന വസ്തുനികുതി നിരക്കും , മേഖലകൾ, റോഡുകൾ എന്നിവയുടെ തരം തിരിവും

അടിസ്ഥാന വസ്തുനികുതി നിരക്കുകളും, മേഖലകളും, റോഡുകളുടെ തരം തിരിവും സംബന്ധിച്ച നടപടി ക്രമങ്ങൾ 2011 – ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ വ്യക്തമാക്കിയത് പ്രകാരമായിരിക്കേണ്ടതാണ്.
വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ, വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്/ഇളവ് നല്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം 02/04-09-2023 ന് മറുപടിയായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 17.04.2023 ലെ 3-നമ്പർ തീരുമാനം പരിഗണിച്ച് ഭരണസമിതിയുടെ 18/04/2023 -ലെ 2(1) തീരുമാന പ്രകാരം കരട് വിജ്ഞാപനം നടത്തിട്ടുള്ളതാണെന്നും ആക്ഷേപമൊന്നും ലഭ്യമല്ലാത്ത സാഹചര്യത്തിൽ 22.08.2023 തിയതിയിലെ 1(1) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

3. വിവരശേഖരണത്തിനായി കെട്ടിടങ്ങളുടെ പരിശോധന

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി താൽക്കാലികമായി ജീവനക്കാരെ നിയമിക്കുന്നതിന് ദിനപത്രങ്ങളിൽ പരസ്യം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളിൽ ഇന്റർവ്യൂ നടത്തി 7 പേരെ നിയമിച്ചിട്ടുണ്ടെന്നും പരിശീലനം ലഭ്യമാക്കിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.

വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) പാലിച്ചുകൊണ്ട് വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 വാടകരേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടകപിരിവുമായി ബന്ധപ്പെട്ട രേഖകൾ, രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1). പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 3 (5, 6, 7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണംനം.10/7-9-23)

2) ചട്ട പ്രകാരം വാടക കരാർ ചമച്ചത് ഹാജരാക്കിയില്ല.

ഷോപ്പിംഗ് കോംപ്ളക്സിലെ കടമുറികൾ വാടകക്ക് നൽകിയ വ്യക്തികളുമായി പഞ്ചായത്ത് നിയമാനുസൃതമായ കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ ഹാജരാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കടമുറികൾ വാടകയ്ക്കെടുത്ത വ്യക്തികളുമായി നിയമാനുസൃതം കരാറിൽ ഏർപ്പെടേണ്ടതാണ്.

3). വാടകയിനത്തിൽ ഈടാക്കാനവശേഷിക്കുന്ന തുക പിരിച്ചെടുക്കേണ്ടതാണ്

പഞ്ചായത്തിലെ വാടക രജിസ്റ്റർ പ്രകാരം ഷോപ്പിംഗ് കോംപ്ളക്സിലെ 19/490, 19/491, 19/492 എന്നീ കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്.

എ.)19/492 നമ്പർ കടമുറി ശ്രീമതി.എൻ.പി.ഉഷ എന്ന വ്യക്തിയാണ് ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ 2022-23 സാമ്പത്തികവർഷത്തിൽ യാതൊരു തുകയും വാടകയിനത്തിൽ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| വാടക | ജി.എസ്.ടി . | പ്രതിമാസ വാടക |
|---|---|---|
| 4048 രൂപ | 728രൂപ | 4776 രൂപ |
| ആകെ | | 57312 രൂപ |

ബി.)19/490 നമ്പർ കടമുറി ശ്രീ.ധനരാജ് എന്ന വ്യക്തി ഏറ്റെടുത്തിട്ടുള്ളതാണ്. 2023 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വാടകയിനത്തിലുള്ള തുക പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

| വാടക | ജി.എസ്.ടി . | പ്രതിമാസ വാടക |
|---|---|---|
| 1645 രൂപ | 296രൂപ | 1941 രൂപ |
| ആകെ | | 3882 രൂപ |

സി.) 19/491 നമ്പർ കടമുറി ശ്രീ. ധനരാജ് എന്ന വ്യക്തി ഏറ്റെടുത്തിട്ടുള്ളതാണ്. 2023 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വാടകയിനത്തിലുള്ള തുക പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

| വാടക | ജി.എസ്.ടി . | പ്രതിമാസ വാടക |
|---|---|---|
| 2603 രൂപ | 468 രൂപ | 3071 രൂപ |
| ആകെ | | 6142 രൂപ |

മേൽ കുടിശ്ശിക തുക 67336/-രൂപ (57312+3882+6142) പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/7-9-2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 ലൈസൻസ് രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ 751 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1.) ലൈസൻസ് അപേക്ഷകൾ ഹാജരാക്കിയിട്ടില്ല.

താഴെക്കൊടുത്തിരിക്കുന്ന ലൈസൻസ് അപേക്ഷകൾ(രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം) പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററിലെ ക്രമ നം. | വാർഡ് /കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 183 | 16/929-935 | Empee ഡിസ്റ്റിലറീസ് |
| 305 | 4/781 | പ്രീമിയർ ലോജിസ്റ്റിക്സ് |
| 323 | 3/100-113&1239-1251 | എസ്.ഡി. റെസിഡെൻസി |
| 384 | 16/1006 | KSE ലിമിറ്റഡ് |

2.) ലൈസൻസിനായുള്ള അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തുന്നില്ല.

ലൈസൻസ് അപേക്ഷകളിൽ മൂലധനനിക്ഷേപം സംബന്ധിച്ച കോളം പൂരിപ്പിക്കാതെയാണ് ഫീസ് അടവാക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാങ്ങിയ ഫീസ് | രസീതി നം./തിയതി |
|---|---|---|---|
| 270 | പാലക്കാട് ഗ്രാനൈറ്റ് സാൻഡ്സ് | 7500 | 121070111463/ 9-3-22 |
| 298 | ഇൻഡസ്ട്രിയൽ ഗ്യാസ് | 4000 | 121070111899/ 16-3-22 |

| | | | |
|---|---|---|---|
| 306 | അർത്ഥഹെർബ്സ് | 2000 | 121070111949/ 18-3-22 |
| 332 | മണിമാളിക റെസിഡെൻസി | 4000 | 121070112109/ 21-3-22 |
| 384 | KSE റെസിഡെൻസി | 15000 | 1220101444/ 27-2-22 |
| 667 | ബയോടെക് സൊല്യൂഷൻ | 2000 | 1220101809/ 27-8-22 |
| 673 | കൊച്ചിൻ ഫയർടെക് | 4000 | 1220202425/ 1-9-22 |

ഓരോ സ്ഥാപനത്തിന്റേയും മൂലധനനിക്ഷേപം ഉറപ്പുവരുത്താതെയാണ് ഗ്രാമപഞ്ചായത്തിൽ മേൽ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. ആയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടിയായി തുടർന്നുള്ള അപേക്ഷകളിൽ അപ്രകാരം എഴുതി വാങ്ങിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3.) ക്ഷീരോദ്പാദകസഹകരണ സംഘങ്ങൾ 2022-23 വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ക്ഷീരോദ്പാദകസഹകരണ സംഘങ്ങൾ 2022-23 വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല.

എ.)വാളയാർ ക്ഷീരോദ്പാദകസഹകരണ സംഘം

ബി.)ചുള്ളിമട ക്ഷീരോദ്പാദകസഹകരണ സംഘം

സി.)കൊങ്ങാംപ്പാറ ക്ഷീരോദ്പാദകസഹകരണ സംഘം

ടി സംഘങ്ങളുടെ ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4.)പഞ്ചായത്ത് പരിധിയിലെ റേഷൻഡിപ്പോകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ പുതുശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു.

മേൽ വിഷയങ്ങൾ സൂചിപ്പിച്ച നല്കിയ ഓഡിറ്റ് അന്വേഷണ(നം.29/12-9-23)ത്തിന് ലൈസൻസ് ഫീ ഈടാക്കാത്ത ടി സഹകരണസംഘങ്ങൾക്കും റേഷൻകടകൾക്കും ഉടൻ നോട്ടീസ് നല്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 പെൻഷണർമാരുടെ മരണശേഷവും പെൻഷൻ വ്യക്തിഗതഅക്കൗണ്ടിലേക്ക് കൈമാറി

ഗ്രാമപഞ്ചായത്തിലെ പെൻഷൻ രേഖകൾ, സേവന ഡാറ്റാബേസ്, ഡെത്ത് രജിസ്ട്രേഷൻ രേഖകൾ എന്നിവ പരിശോധിച്ചതിൽ പെൻഷണറുടെ മരണം സംഭവിച്ച് പഞ്ചായത്തിലെ ഡെത്ത് രജിസ്ട്രേഷൻ നടത്തിയശേഷവും പെൻഷൻ തുക പ്രസ്തുത പെൻഷണർമാരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യുന്നതായി ബോധ്യപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ | മരണപ്പെട്ട | പെൻഷണർ | പെൻഷൻ | തുക | ഡെത്ത് | കൈമാറിയ |
|---|---|---|---|---|---|---|

| നം. | വ്യക്തിയുടെ പേര്/മരണം സംഭവിച്ച തിയതി | ഐഡി | സ്റ്റാറ്റസ് | (പ്രതി മാസം) | രജിസ്ട്രേഷനു ശേഷം തുക കൈ മാറിയ മാസങ്ങൾ | തുക |
|---|---|---|---|---|---|---|
| 1 | എൻ.ഗോദ വർമ്മ/24-3-2023 | 108910201034 | ആക്ടീവ് | 1600 | ജൂൺ 2023 ഉൾപ്പെടെ | 4800 രൂപ (1600*3) |
| 2 | ബാലൻ.എം/ 2-4-2023 | 108910204441 | ആക്ടീവ് | 1600 | ജൂൺ 2023 ഉൾപ്പെടെ | 3200 രൂപ (1600*2) |
| 3 | ലക്ഷ്മിക്കുട്ടി/ 31-12-22 | 2220318369 | ആക്ടീവ് | 1600 | ഏപ്രിൽ 2023 ഉൾപ്പെടെ | 6400 രൂപ (1600*4) |
| 4 | പ്രേമകുമാരൻ.കെ/ 10-2-23 | 108910203728 | ആക്ടീവ് | 1600 | ജൂൺ 2023 ഉൾപ്പെടെ | 6400 രൂപ (1600*4) |
| 5 | പി.വി.കൃഷ്ണൻ എഴുത്തച്ഛൻ/ 18-5-23 | 108510200849 | ആക്ടീവ് | 1600 | ജൂൺ 2023 ഉൾപ്പെടെ | 1600 രൂപ (1600*1) |
| ആകെ | | | | | | 22400 രൂപ |

പെൻഷണറുടെ മരണം രജിസ്റ്റർ ചെയ്തതിനു ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച ഓഡിറ്റ് അന്വേഷണം (നം.28/12-9-23)നല്കിയതിന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിലവിൽ ആക്ടീവ് പെൻഷനർമാരുടെ വിവരങ്ങൾ സേവന സിവിൽ രജിസ്ട്രേഷൻ വിവരങ്ങളുമായി ഒത്തുനോക്കി അനർഹരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മേൽ പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള വ്യക്തികളുടെ മരണത്തിനുശേഷം ബാങ്ക് അക്കൗണ്ടിൽ വരവു വച്ച തുക ടി ഗുണഭോക്താക്കളുടെ അവകാശികളിൽനിന്ന് ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കി പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശം

പെൻഷനറുടെ മരണശേഷം ടി വ്യക്തികളുടെ പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അനർഹരായ വ്യക്തികളെ ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 ഹോമിയോ ഡിസ്പെൻസറി- മരുന്ന് ലഭ്യമായിട്ടില്ല.

പദ്ധതിയുടെ പേര് - ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

പദ്ധതി നമ്പർ - S0020/23

അടങ്കൽ - 400000/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ് തുക– 400000/-

ചെലവ് വിശദാംശങ്ങൾ

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 01/2022-23 | 15/11/2022 | 2,50000 |
| 2 | 04/2022-23 | 04/02/2023 | 1,50000 |

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പദ്ധതി പ്രകാരം 4,00000/-രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുള്ളതാണ്. നാളിതുവരെ 115277 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ആയത് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/08.09.2023) മരുന്നുകൾ ലഭ്യമാക്കുന്നതിന് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

രോഗികൾക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-18 ക്ഷീരസംഘങ്ങൾ മുഖേന അളക്കുന്ന പാലിന് സബ്സിഡി പ്രോജക്ട് -ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു

ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനുമായി 2022-2023 വർഷത്തിൽ പുതുശ്ശേരി ഗ്രാമപഞ്ചായത്ത് താഴേപ്പറയുന്ന മൂന്നു പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. പഞ്ചായത്തിലുള്ള ക്ഷീരസംഘങ്ങളിൽ നിന്ന് പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് പരമാവധി 3 രൂപ വീതം ഒരു വർഷം പരമാവധി 40000 രൂപ അധികരിക്കാതെ ധനസഹായം നല്കുന്നതിനാണ് ഈ പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടുള്ളത്.

എ.) ക്ഷീരസംഘങ്ങൾ മുഖേന അളക്കുന്ന പാലിന് സബ്സിഡി -പൊതുവിഭാഗം

പ്രോജക്ട് നം. -176/23

നിർവ്വഹണോദ്യോഗസ്ഥൻ - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 1460000 രൂപ (വികസന ഫണ്ട് -പൊതുവിഭാഗം സാധാരണവിഹിതം – 900000 രൂപ, ബ്ലോക്ക് പഞ്ചായത്ത്- 280000 രൂപ, ജില്ലാ പഞ്ചായത്ത് -280000 രൂപ)

ബിൽ നം. 1 – 271501 രൂപ /10 -3 -23

ബിൽ നം. 3 – 5810 രൂപ/25-3-23

ബിൽ നം. 9 – 2689 രൂപ / 28 – 3 – 23

ബിൽ നം. 10 – 872677 രൂപ / 28- 3-23

ബിൽ നം. 15 - 17423 രൂപ /31- 3-23

ബിൽ നം . 2 – 271501 രൂപ / 18 – 3 – 23

ബിൽ നം. 4 – 5810 രൂപ / 25 – 3 – 23

ബിൽ നം. 13 -2689 രൂപ /28 – 3 -23

ചെലവ്- 1450100 രൂപ

സംഘങ്ങളുടെ കീഴിലുള്ളവർക്കു 2022 ഏപ്രിൽ, മെയ് മാസങ്ങളിലെ ആനുകൂല്യം മാത്രമേ നൽകിയിട്ടുള്ളൂ.

ബി.) ക്ഷീരസംഘങ്ങൾ മുഖേന അളക്കുന്ന പാലിന് സബ്സിഡി – പൊതുവിഭാഗം

പ്രോജക്ട് നം. – 108

അടങ്കൽ - 900000 രൂപ (വികസന ഫണ്ട് – പൊതുവിഭാഗം സാധാരണവിഹിതം)

ചെലവ്- 897206 രൂപ

ബിൽ നം. 16 – 897206 രൂപ/31-3-23

മേൽ പ്രോജക്ട് മുഖേന ജൂൺ മാസത്തിൽ മാത്രമേ ആനുകൂല്യം നടപ്പിലാക്കിയിട്ടുള്ളൂ.

സി.) ക്ഷീരസംഘങ്ങൾ മുഖേന അളക്കുന്ന പാലിന് സബ്സിഡി – പട്ടികജാതിവിഭാഗം

പ്രോജക്ട് നം. – 177/23

അടങ്കൽ - 250000 രൂപ (വികസന ഫണ്ട് -എസ്.സി.പി-200000 രൂപ, ജില്ലാ പഞ്ചായത്ത് -50000 രൂപ)

ബിൽ നം. 1 1 – 1007 രൂപ /28-3 -23

ബിൽ നം. 5 – 76779 രൂപ/25-3-23

ബിൽ നം. 7-48993 രൂപ / 25 – 3 – 23

ബിൽ നം. 8 -25802 രൂപ / 28- 3-23

ബിൽ നം. 12 - 94830 രൂപ /28- 3-23

ബിൽ നം . 14 – 2589 രൂപ / 28 – 3 – 23

ഏപ്രിൽ, മെയ്, ജൂൺ,ആഗസ്റ്റ്,സെപ്റ്റംബർ,ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിലെ തുകയാണ് നല്കിയിട്ടുള്ളത്.

ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും ശരാശരി അളക്കുന്ന പാലിന്റെ അളവും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്ട് ആസൂത്രണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണ(നം.13/8-9-23)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-19 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്

2022-23 വർഷത്തിൽ വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി വിവിധ സ്ഥാപനങ്ങളിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 12.2.(5) ഡി.ii പ്രകാരം വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനുമുൻപ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി നിർദ്ദേശം പാലിച്ചിട്ടില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം., പേര് | ബിൽ / വൗച്ചർ/റിക്വിസിഷൻ നമ്പർ | ഡെപ്പോസിറ്റ് തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 1 | 269, പുതുശ്ശേരി പഞ്ചായത്ത് പമ്പിങ്ങ് സ്റ്റേഷൻ ശേഷി വർദ്ധിപ്പിക്കലും അനുബന്ധപ്രവർത്തികളും ( Spill Over) | 22200701/29.09.22 | 2400000 | KWA |
| 2 | 114, ജലജീവൻ മിഷൻ - പഞ്ചായത്ത് വിഹിതം | 10/14.09.22 | 1737530 | KWA |

| | | | | |
|---|---|---|---|---|
| | നൽകൽ | | | |
| 3 | 92, വൈദ്യുതപോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 22200535 /23.8.22<br>22200690/12.9.22<br>329/28.02.23<br>307/13.02.23<br>53/22.07.22<br>53/22.07.22 | 25604<br>26065<br>120705<br>20526<br>87844<br>120512 | KSEB |
| 4 | 117 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | XVFC/22-23 /P/83/19.10.22<br>XVFC/22-23 /P/90/12.10.22<br>XVFC/22-23 /P/91/12.01.23 | 3423500<br>104346<br>1376541 | KSEB |

പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-20 ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മുഴുവനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയില്ല

12-03-2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012/ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതാണെന്നും ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം തെരുവു വിളക്കുകളും മീറ്ററിനു കീഴിൽ ആക്കിയിട്ടുണ്ടെങ്കിലും ഏതാനും തെരുവു വിളക്കുകൾ നിലവിലും മീറ്ററിനു കീഴിൽ അല്ലാതെ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വൈദ്യുതി ചാർജ്ജ് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല അടച്ചു വരുന്നത്. ബൾബുകളുടെ തരം, എണ്ണം, *Burnig Hours* എന്നിവയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് അത്തരം ലാമ്പുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്.

താഴെ പറയുന്ന കൺസ്യൂമർ നമ്പറിലുള്ള തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

| കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ | കൺസ്യൂമർ നം. |
|---|---|
| കഞ്ചിക്കോട് | 1165288013955 |

2022-23 സാമ്പത്തിക വർഷം തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിൽ ആകെ 5781777/- രൂപ ചെലവഴിച്ചിട്ടുണ്ട്. 442805/- രൂപ മീറ്ററിംഗ് സംവിധാനം എർപ്പടുത്താത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്തതിനാൽ പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾക്കും വൈദ്യുതി ചാർജ്ജ് അടവാക്കേണ്ടി വരുന്നുണ്ട്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/12.09.23) മറുപടി ലഭ്യമാക്കിയില്ല.

മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-21 തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് ഇല്ലാതെ മെയിന്റനൻസ് നടത്തുന്നു

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനം നിർവ്വഹിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചുള്ള ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവുവിളക്കുകളുടെ റിപ്പയർ പ്രവൃത്തി നിർവ്വഹിക്കുന്നതിനും തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുമായി ഒരു സ്പിൽ ഓവർ പ്രോജക്ട് ഉൾപ്പെടെ 4 പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | | | |
|---|---|---|---|---|
| പ്രൊജക്റ്റ് നം/ പേര് | 87/23, തെരുവ് വിളക്കുകളുടെ അറ്റ കുറ്റപ്പണികൾ (സ്പിൽ ഓവർ) | 112/23, എൽ ഇ ഡി തെരുവുവിളക്കുകൾ സ്ഥാപിക്കൽ | 115/23, തെരുവ് വിളക്കുകളുടെ അറ്റ കുറ്റപ്പണികൾ - AMC OF STREET LIGHTS | 118/23, വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 943409 (തനതുഫണ്ട്) | 1000000 (തനതുഫണ്ട്) | 2000000 (തനതുഫണ്ട്) | 2000000 (തനതുഫണ്ട്) |
| ചെലവ് | 160697 | 1000000 | 1899028 | 2000000 |
| വൗച്ചർ നമ്പർ / തീയതി | 22200473/16.08.22 | 22201823/31.03.23<br>22201741/31.03.23 | 22200937/29.11.22 | 22201730/31.03.23 |

തെരുവുവിളക്കു രജിസ്റ്റർ പ്രകാരം തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ താഴെ പറയും പ്രകാരമാണ്.

| Sodium | FL. Tube Single | FL. Tube Double | CFL 18 W | CFL SET 20W | LED BULB | LED 32W | LED70W |
|---|---|---|---|---|---|---|---|
| 489 | 1618 | 550 | 1020 | 1527 | 230 | 294 | 110 |

വിവിധ പദ്ധതികൾ പ്രകാരം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന്റെയും സ്ഥാപിച്ചതിന്റെയും വിവരം താഴെ പറയുന്നു.

1). 115/23, തെരുവ് വിളക്കുകളുടെ അറ്റ കുറ്റപ്പണികൾ - സ്ട്രീറ്റ് ലൈറ്റ് AMC പ്രോജക്ട് പ്രകാരം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന്റെ വിവരം

| DESCRIPTION OF GOODS | IST BILL/08.11.22 | 2ND BILL/17.01.23 | 3RD BILL/28.03.23 |
|---|---|---|---|
| 36/72 W | 96 | 99 | 154 |
| LED72W | 13 | 11 | 3 |
| LED36W | 5 | 58 | 28 |

| | | | |
|---|---|---|---|
| DOUBLE TUBE | 2 | 0 | 0 |
| SINGLE TUBE | 123 | 10 | 10 |
| LED SET | 146 | 21 | 27 |
| ORDINARY | 703 | 177 | 148 |

2). 87/23, തെരുവ് വിളക്കുകളുടെ അറ്റ കുറ്റപ്പണികൾ പ്രോജക്ട് പ്രകാരം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന്റെ വിവരം

| Ward No | LED 72W | LED36W7 | DOUBLE TUBE | SINGLE TUBE | CFL/LED SET | ORDINARY LED/CFL |
|---|---|---|---|---|---|---|
| 2 | 1 | 7 | 1 | 13 | 6 | 41 |
| 3 | 0 | 13 | 0 | 7 | 8 | 60 |
| 9 | 2 | 0 | 1 | 0 | 7 | 9 |

3). 112/23, എൽ ഇ ഡി തെരുവുവിളക്കുകൾ സ്ഥാപിക്കൽ പ്രോജക്ട് പ്രകാരം എല്ലാ വാർഡുകളിലെയും തെരുവ് വിളക്കുകൾ ഇല്ലാത്ത ഭാഗങ്ങളിൽ LED Street Light 36Watts 300 എണ്ണം സ്ഥാപിച്ചിട്ടുണ്ട്.

4). 118/23, വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രോജക്ട് പ്രകാരം 8 Mini Mast With 8 Mtr Pole With150 Wats Flood Light 4 Nos സ്ഥാപിച്ചിട്ടുണ്ട്.

പദ്ധതികളുടെ നിർവ്വഹണം, രേഖകളുടെ സൂക്ഷിപ്പ് എന്നിവ സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കണ്ടെത്തി

1) മുൻവർഷങ്ങളിൽ സ്ഥാപിക്കപ്പെട്ടതും വാറണ്ടി നിലവിലുള്ളതുമായ ലാമ്പുകളെ ഒഴിവാക്കിയാണ് വാർഷിക അറ്റകുറ്റപ്പണിക്കായുള്ള പദ്ധതി രൂപീകരിക്കേണ്ടത്.
വാറണ്ടി നിലവിലുള്ള ലാമ്പുകളെ ഒഴിവാക്കിയാണോ മെയിന്റനൻസ് നടത്തിയത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) തെരുവ് വിളക്കു രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ പോസ്റ്റിലേയും തെരുവ് വിളക്ക് അവസാനമായി മാറ്റി സ്ഥാപിച്ച തിയതി/റിപ്പയർ ചെയ്ത തിയതി, ഓരോന്നിന്റേയും വാറണ്ടി കാലയളവ് മുതലായ വിവരം ചേർത്ത് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഇപ്രകാരം കണക്കു സൂക്ഷിക്കാതെയാണ് തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്കുള്ള പ്രോജക്ട് ആവിഷ്കരിച്ച് തുക ചെലവഴിച്ചിട്ടുള്ളത്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം- 25/12.09.23) രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും ഫയലിൽ രേഖകൾ സൂക്ഷിക്കുന്നതാണെന്ന മാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശം

. തെരുവ് വിളക്കുകളുടെ കണക്ക് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

.മേൽ പരാമർശിച്ച വസ്തുതകൾ പരിഗണിച്ച മാത്രം തെരുവ് വിളക്ക് റിപ്പയറിനുള്ള AMC നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

.സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തിയതി 15.9.2011ലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് തെരുവ് വിളക്കുകളുടെ റിപ്പയറും പരിപാലനവും നിർവ്വഹിക്കേണ്ടതാണ്.

## 1-22 പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

തനതു ഫണ്ടു വൗച്ചറുകൾ പരിശോധിച്ചതിൽ 2022-23 വർഷത്തിൽ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 605410/- രൂപ ചെലവഴിച്ചിട്ടുള്ളതായി കണ്ടെത്തി. കൂടാതെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (KWA) 21.03.23 ലെ KWA/PH/PKD/E1-456/2023 നം കത്ത് പ്രകാരം 3/2023 വരെയുള്ള കുടിശ്ശിക 6657513 രൂപ അടവാക്കാനുമുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ KWA പരിപാലിക്കുന്ന 163 പൊതു കുടിവെള്ള ടാപ്പുകളാണ് നിലവിലുണ്ടായിരുന്നത്. 13.06.22 തീയതിയിലെ 5(1) തീരുമാനം പ്രകാരം സംയുക്തപരിശോധന നടത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWAയുടെ 10.02.23 ലെ പൊതുടാപ്പുകളുടെ കണക്കെടുത്ത ലിസ്റ്റ് പ്രകാരം 126 പൊതു കുടിവെള്ള ടാപ്പുകൾ നിലവിലുണ്ടെന്ന് ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. തുടർന്ന് 08.03.2023 ലെ 6 (1) തീരുമാനം പ്രകാരം പ്രകാരം 68 പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനും 58 പൊതുടാപ്പുകൾ നിലനിർത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നാളിതുവരെ പൊതു ടാപ്പുകൾ വിച്ഛേദിക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/07.09.23) മറുപടി ലഭ്യമായിട്ടില്ല.

പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-23 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ, വാർഷികകണക്കിലെ B-18 ഷെഡ്യൂൾ എന്നിവ പ്രകാരം. താഴെ പറയുന്ന ഹെഡുകളിൽ തനതുഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുകകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ലാത്തതായി കണ്ടെത്തി.

| ഹെഡുകൾ | അഡ്വാൻസ് രജിസ്റ്റർ പ്രകാരം മുൻബാക്കി | തൻവർഷം നൽകിയ തുക | ക്രമീകരിച്ച തുക. | ക്രമീകരിക്കുവാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|
| Temporary Advance For Official Purpose | 29737 | 0 | 0 | 29737 |
| Other Advances | 376308 | 0 | 0 | 376308 |
| Advance To Implementing Agency Deposit With Kerala Water Authority | 3226063 | 2400000 | 0 | 5626063 |
| Advance To Implementing Agency - Deposit With Kerala Electricity Board | 7518330 | 5164412 | 0 | 12682742 |
| Advance To Implementing Officer ( MO-FHC) | 0 | 230000 | 0 | 230000 |
| Advance To NREGA-Administrative Purposes | 0 | 3722671 | 1757614 | 1965057 |
| Advance To Others | 975169 | 78000 | 0 | 1053169 |

ജി.ഒ(പി) നം.419/11/ഫിൻ. തീയതി 04.10.2011 ലെ ഉത്തരവ് പ്രകാരം 3 മാസത്തിനകം ക്രമീകരിക്കാത്ത അഡ്വാൻസ് തുകകൾ 18 % പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

മുൻകൂറുകൾ നാളിതുവരെയും ക്രമീകരിക്കാത്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/11.09.23) NREGS ന് അനുവദിച്ച തുക Administrative Expence എന്ന ഹെഡിൽ ബാക്കി ലഭിക്കാനുള്ള തുകയാണെന്നും മറ്റു ഹെഡുകളിലെ തുകകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ആയത് ക്രമീകരിക്കുന്നതാണ് എന്നും അധികൃതർ അറിയിച്ചിട്ടുണ്ട്.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-24 വരൾച്ചാ ദുരിതാശ്വാസം-കുടിവെള്ളവിതരണം -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നം./ പേര് | 21, വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ളവിതരണം |
| അടങ്കൽ | 1100000 (തനതുഫണ്ട്) |
| ചെലവ് | 577242 |
| വൗച്ചർ നം. / തീയതി | 22201344/16.02.23 |

കുടിവെള്ളക്ഷാമം രൂക്ഷമായ മേഖലയിൽ ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം നടത്തുന്നതിനായി ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതിക്കായി മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) കുടിവെള്ളവിതരണം നടത്തുന്നതിനായി ടെണ്ടർ നടപടിയിലൂടെ ശ്രീ.ബിബിൻ ബെന്നി എന്നവരെ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും ടിയാൾ ഗ്രാമപഞ്ചായത്തുമായി കരാർ ചമക്കുന്നതിനായി കരാർ പത്രം ഹാജരാക്കിയതിൽ കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല.

2) സ.ഉ (സാധാ) നം.652/2022/LSGD/16.03.22 പ്രകാരം GPS ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ്സ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയ ശേഷമായിരിക്കണം സെക്രട്ടറിമാർ തുക അനുവദിക്കേണ്ടത്. ആയത് ചെയ്തതിന്റെ രേഖകൾ ഇല്ല.

3) ഇൻകം ടാക്സ് നിയമം 194(c) പ്രകാരം ബില്ലിൽ നിന്നും IT 1% ടി.ഡി.എസ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിൽ നികുതി കുറവ് ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.38/13.09.23) കുടിവെള്ള വിതരണത്തിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടുണ്ടെന്നും ശ്രീ ബിബിൻ ബെന്നി പഞ്ചായത്ത് അധികൃതർ നിർദ്ദേശിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് കുടിവെള്ളവിതരണം നടത്തുവാൻ തയ്യാറാണ് എന്ന ഉടമ്പടി വച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

പദ്ധതി നർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

1-25 സി.സി.ടി.വി ക്യാമറകൾ നിരീക്ഷിക്കേണ്ടതും പ്രവർത്തനം മോണിറ്ററിങ്ങ് ചെയ്യേണ്ടതുമാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നം/ പേര് | 89/23, ഇൻഡസ്ട്രിയൽ ഏരിയക്ക സമീപം സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ ( സ്പിൽ ഓവർ) |
| അടങ്കൽ | 74101 (തനതുഫണ്ട്) |
| ചെലവ് | 74072 |
| വൗച്ചർ നം. / തീയതി | 22200376/25.07.22 |

പഞ്ചായത്ത് പ്രദേശത്ത് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി വിവിധ പ്രദേശങ്ങളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിനായി ആവിഷകരിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് 4 സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സ്റ്റീൽ ഇൻഡസ്ട്രിയൽസ് ലിമിറ്റഡ് അത്താണി എന്ന സ്ഥാപനത്തിന് നൽകാൻ ബാക്കിയുണ്ടായിരുന്ന തുക 74072 രൂപ സ്ഥാപനത്തിന്റെ അക്കൗണ്ട് നമ്പർ ( 117511011000063) ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

സി.സി.ടി.വി ക്യാമറകൾ പ്രവർത്തിക്കാത്തതിനാൽ ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും റിപ്പയർ ആവശ്യത്തിനു കൊണ്ടുപോയ ടി.വി, മറ്റു സിസ്റ്റങ്ങൾ എന്നിവ ഉടൻ സ്ഥാപിച്ചു തരണമെന്നും ആവശ്യപ്പെട്ട് 18.10.22 ലെ എ2/30/2021 നം കത്ത് പ്രകാരം സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് ഡെപ്യൂട്ടി ജനറൽ മാനേജർക്ക് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്.

സി.സി.ടി.വി ക്യാമറകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നതു സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്( നം-26/ 12-09-2023) ക്യാമറകൾ നിരീക്ഷിക്കുന്നതിന് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻമാർ മെമ്പർമാർ എന്നിവരെയും വാളയാർ, കസബ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരെയും ഏർപ്പാടാക്കിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സി.സി.ടി.വി ക്യാമറകളുടെ പ്രവർത്തനം നിരീക്ഷിക്കേണ്ടതും പ്രവർത്തനം മോണിറ്ററിങ്ങ് ചെയ്യേണ്ടതുമാണ്.

1-26 ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/ 2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ , യൂസർഫീ നിശ്ചയിക്കൽ

ജി.ഒ(ആർ.ടി) നം.18/21/തസ്വഭവ തീയതി 04.01.2021 പ്രകാരമുള്ള നിയമാവലി അനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ 20.11.22 തീയതിയിലെ 1 (1) നം തീരുമാനം പ്രകാരം മാലിന്യങ്ങളുടെ കൈകാര്യം ചെയ്യൽ ബൈലോ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തനമാർഗ്ഗരേഖ പ്രകാരം വീടുകളിൽ നിന്നും 50 രൂപയും കടകളിൽ നിന്നും 100 രൂപയും യൂസർഫീ ഈടാക്കാൻ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. അപ്രകാരം വീടുകളിൽ നിന്ന് 50രൂപയും കടകളിൽ നിന്ന് 100രൂപയും ആണ് യൂസർഫീ ആയി ഈടാക്കിയിരുന്നത്. 19.12.22 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം 8(1) പ്രകാരം2023 ജനവരി 1 മുതൽ വീടുകളിൽ നിന്നും 50 രൂപയും കടകളിൽ നിന്നും 100 രൂപയും സ്ഥാപനങ്ങളിൽ നിന്നും 250 രൂപയും കമ്പനികളിൽ നിന്നും 500 രൂപയും ഈടാക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ രൂപീകരണവും പ്രവർത്തനവും

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 02.10.2019 മുതലാണ് ആരംഭിച്ചിട്ടുള്ളത്. 23 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയിൽ നിലവിൽ 46 അംഗങ്ങളുണ്ട്. ആകെ 14800 വീടുകളും 850 വ്യാപാര സ്ഥാപനങ്ങളുമാണ് ഗ്രാമപഞ്ചായത്തിലുള്ളത്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. വളരെ ചുരുക്കം വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നുമാണ് യൂസർ ഫീ ലഭ്യമായിരുന്നത്. സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം നിലവിൽ വന്നതിനു ശേഷം യൂസർഫീ കളക്ഷനിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

പ്രതിമാസം ശരാശരി 300000 രൂപ മാത്രമാണ് യൂസർ ഫീ ഇനത്തിൽ ലഭ്യമായിരുന്നത്. എന്നാൽ 2023. ആഗസ്റ്റ് മാസത്തിൽ യൂസർ ഫീ കളക്ഷൻ 453150/- രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ആകെ 2714170 രൂപയാണ് യൂസർഫീ കളക്ഷൻ ആയി ലഭ്യമായിട്ടുള്ളത്.

വാഹനം ഉപയോഗിക്കുന്നതിന്റെ വിവരം

പ്രവർത്തനമാർഗ്ഗരേഖ പ്രകാരം ഹരിതകർമ്മസേനയ്ക്ക് വാഹന സൗകര്യം നൽകുന്നതിനുള്ള ചുമതല ഗ്രാമപഞ്ചായത്തിനാണ്. ഗ്രാമപപഞ്ചായത്ത് ഹരിതകർമ്മസേനക്ക് സ്വന്തമായി വാഹനം വാങ്ങി നല്കിയിട്ടില്ല. മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ ട്രാക്ടറാണ് നിലവിൽ ഉപയോഗിക്കുന്നത്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി(എം.സി.എഫ്) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 14 ാം വാർഡിൽ (കൊയ്യാമരക്കാട്) നിലവിൽ ഒരു എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട്. എം.സി.എഫിൽ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കിയിട്ടില്ല. മാലിന്യങ്ങളുടെ Segregation നടക്കുന്നില്ല. ബെയ്‌ലിംഗ് മെഷിൻ, ഷ്രെഡിങ്ങ് മെഷീൻ എന്നിവ സ്ഥാപിച്ചിട്ടില്ല. കറന്റ് കണക്ഷൻ ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്തിലുള്ള 12 വാർഡുകളിൽ മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്.

റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)

ബ്ലോക്ക്തലത്തിൽ ആർ.ആർ.എഫ് സംവിധാനം നിലവിലില്ല.

ഹരിത സഹായ സ്ഥാപനങ്ങൾ

15-07-2017 ലെ സ.ഉ(സാധാ)നം.2420/2017/തസ്വഭവ തിയതി ഉത്തരവു പ്രകാരം ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്. നിലവിൽ ഗ്രാമപഞ്ചായത്തിൽ ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നില്ല.

മാലിന്യം കയ്യൊഴിയൽ

ഗ്രാമപഞ്ചായത്തിൽ നിന്നും ശേഖരിച്ചുവെച്ച മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി വർഷാരംഭത്തിൽ ക്ലീൻ കേരള കമ്പനിയുമായി ധാരണാപത്രം നിലവിലുണ്ടായിരുന്നെങ്കിലും കമ്പനി അധികൃതർ മാലിന്യം കൊണ്ടുപോകുന്നതിന് തയ്യാറാകാത്തതിനെ തുടർന്ന് പഞ്ചായത്ത് കമ്മറ്റിയുടെ 13.06.2022 ലെ തീരുമാനം നം.10(2) പ്രകാരം ക്വട്ടേഷൻ നടപടിയിലൂടെ തെരഞ്ഞെടുത്ത ഓറിയോ ഇൻഡസ്ട്രീസ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. തൻവർഷം 19500 Kg Rejected Waste കൊണ്ടുപോയതിന് ഓറിയോ ഇൻഡസ്ട്രീസിന് തനതുഫണ്ടിൽ നിന്നും 78000 രൂപ നൽകിയിട്ടുണ്ട്. തുടർന്ന് വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പുനരുപയോഗത്തിനു സാധിക്കാത്ത അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായും ശേഖരിക്കുന്ന മാലിന്യങ്ങൾ കയ്യൊഴിയുന്നതിനുമായി കെ.ബി.എഫ് ട്രേഡിങ്ങ് ,

കഞ്ചിക്കോട് എന്ന സ്ഥാപനവുമായി 19.12.2022 ന് കരാറിലേർപ്പെട്ടിട്ടുണ്ട്. Rejected Waste സംസ്കരിക്കുന്നതിന് മേൽസ്ഥാപനത്തിന് കിലോ ഗ്രാമിന് 3.50 രൂപയാണ് നൽകുന്നത്. മാലിന്യങ്ങൾ നൽകുന്നതിന് കിലോ ഗ്രാമിന് 1.50 രൂപയാണ് ഹരിതകർമ്മസേനയ്ക്ക് ലഭിക്കുന്നത്. ഓഡിറ്റ് വർഷം Rejected Waste 23720 Kg നല്കിയതിന് ഹരിതകർമ്മസേന 97963 രൂപ കെ.ബി.എഫ് ട്രേഡിങ്ങിന് നൽകിയിട്ടുണ്ട്. 21316 Kg മാലിന്യം നൽകിയതിന് ഓഡിറ്റ് വർഷം ഹരിതകർമ്മസേനയ്ക്ക് 31974 രൂപ ലഭ്യമാകാനുള്ളതിൽ 10000 രൂപ ലഭ്യമായിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) ഹരിതകർമ്മസേനക്ക് ഓഫീസ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2) MCFൽ ആധുനീകവല്ക്കരണം നടപ്പിലാക്കേണ്ടതാണ്.

3) യൂസർഫീ നൽകാത്തവർക്കെതിരെ കർശന നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

4) പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിച്ച് കൊണ്ടുപോകുന്ന സ്ഥാപനത്തിൽ നിന്നും കാലതാമസം കൂടാതെ തുക ഈടാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.21/11.09.23)

## 1-27 അങ്കണവാടി പോഷകാഹാരം പദ്ധതി -ബാധകമായ ടി.ഡി.എസ്.ഈടാക്കിയിട്ടില്ല

നിർവ്വഹണം- ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. താഴെ സൂചിപ്പിക്കുന്ന അനുപൂരക പോഷകാഹാര വിതരണ പ്രോജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കി ഒടുക്കിയിട്ടില്ല. പോഷകാഹാരം സപ്ലൈ ചെയ്ത ശക്തി ആരോഗ്യ ഫുഡ്സ്, കൊങ്ങംപാറ,കോഴിപ്പാറ എന്ന സ്ഥാപനം ജി.എസ്.ടി ഒടുക്കിയതിനും രേഖകൾ ഇല്ല. പോഷകാഹാര വിതരണ പ്രോജക്ട് പ്രകാരം സ്ഥാപനത്തിന് തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | സ്ഥാപനത്തിന് നൽകിയ തുക |
|---|---|
| 12/23 – അങ്കണവാടി പോഷകാഹാരം (ജനറൽ) | 1144726/- (22 ബില്ലുകൾ പ്രകാരം തുക നൽകിയിട്ടുണ്ട് ) |

ബില്ലുകളിൽ നിന്നും ടി.ഡി.എസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് 2% ടി.ഡി.എസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.35/13.09.2023).

## 1-28 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിലെ

അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 185/23 (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 1672000/- |
| ചെലവ് | 830500/-<br>300000/-<br>ട്രഷറി ബിൽ നം. 8/28-10-2022<br>386000/-<br>ട്രഷറി ബിൽ നം. 9/28-10-2022<br>108500/-<br>ട്രഷറി ബിൽ നം. 10/28-10-2022<br>36000/-<br>ട്രഷറി ബിൽ നം. 14/17-12-2022 |

പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള പാസ്സ്ബുക്ക് പ്രകാരമുള്ള അക്കൗണ്ടിലേക്കല്ല തുക നൽകിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ ആകെ തുക | തുക നൽകിയ അക്കൗണ്ട് നം. | അപേക്ഷ പ്രകാരമുള്ള അക്കൗണ്ട് നം. |
|---|---|---|---|---|
| 1 | മിഥുന.കെ | 4200/- | 3396020100274 | 035701000014392 (ജോയിന്റ് ബാങ്ക് അക്കൗണ്ട്) |
| 2 | നിർമ്മലമേരി.ജി | 7000/- | 6719556335 | 38166946106 (ഗുണഭോക്താവിന്റെ പേരിലുള്ള അക്കൗണ്ട്) |
| 3 | സിന്ധു.എസ് | 7000/- | 33238856842 | 62700100000061 (ജോയിന്റ് ബാങ്ക് അക്കൗണ്ട്) |
| 4 | അഭിജിത്ത്.എ | 7000/- | 164000101001866 | 149812010000281 (ജോയിന്റ് ബാങ്ക് അക്കൗണ്ട്) |
| 5 | മുഹമ്മദ് മൊയ്തീൻ | 7000/- | 57065405603 | 035701000006825 (ജോയിന്റ് ബാങ്ക് |

| | | | | |
|---|---|---|---|---|
| | | | | അക്കൗണ്ട്) |
| 6 | മുഹമ്മദ് അസ്‌ലാം | 4000/- | 67166136300 | 37220723684 (ജോയിന്റ് ബാങ്ക് അക്കൗണ്ട്) |
| ആകെ | | 36200 | | |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.34/13.09.2023) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ - സ.ഉ (കൈ)നം.115/2022/തസ്വഭവ/ 28-05-2022 ഖണ്ഡിക.7.16.ഇ പ്രകാരം പ്രതിമാസ സ്കോളർഷിപ്പ്/ബത്ത കുട്ടിയുടെയും (ഗുണഭോക്താവ്) രക്ഷാകർത്താവിന്റെയും ജോയിന്റ് ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടത്. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുള്ള അക്കൗണ്ട് സംബന്ധിച്ച വിവരം പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 36200/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-29 ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല

ബാലൻസ് ഷീറ്റ് പ്രകാരം താഴെ പറയുന്ന ഗ്രാന്റുകൾ ചെലവഴിക്കാതെ ബാലൻസായി അവശേഷിക്കുന്നു.

| | |
|---|---|
| സാനിറ്റേഷൻ | 379550 |
| WGDP -OB | 269747 |
| ICDS | 1665291 |
| സാക്ഷരത | 9370 |
| ശുചിത്വം | 943099 |
| CFC | 5291666 |
| ഹെൽത്ത് ഗ്രാന്റ് | 411603 |
| കുടുംബശ്രീ | 1379918 |
| ലൈഫ് | 1338000 |
| സംയുക്ത പ്രൊജക്ട് - ബ്ലോക്ക് - OB | 4345340 |
| സംയുക്ത പ്രൊജക്ട്- ജില്ല -OB | 32104 |

സംയുക്ത പദ്ധതികൾക്കുള്ള വിഹിതം 2020 മുതൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുകയാണ്.

സി.എഫ്.സി, ലൈഫ് സംസ്ഥാന വിഹിതം എന്നിവ വിനിയോഗിക്കാതെ ബാലൻസായി അവശേഷിക്കുന്നുണ്ടെങ്കിലും പദ്ധതികൾക്കായി തൻവർഷം 10 കോടിയോളം രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. മറ്റ് ഫണ്ടുകൾ പരമാവധി വിനിയോഗിച്ച ശേഷം മാത്രം തനത് ഫണ്ട് പദ്ധതികൾക്കായി വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് -32/13.9.23 ന് മറുപടിയായി സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് തിരിച്ചടക്കുന്നതാണെന്നും മറ്റ് ഫണ്ടുകൾ വിനിയോഗിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-30 എസ്.സി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം എസ്.സി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം

ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 123/23 |
| അടങ്കൽ | 750000/- (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് | 625000/- |

പദ്ധതി പ്രകാരം ഏഴ് ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. ആയതിൽ രാമൻ.എ എന്ന രാമസ്വാമി, നാല്സെന്റ് കോളനി, വാളയാർ ഡാം പി.ഒ, പാലക്കാട് എന്ന വ്യക്തിയുടെ മകൾ നാഗമ്മാൾ.ആർ എന്നവരുടെ വിവാഹത്തിനുള്ള ധനസഹായമായി 125000/- രൂപ (ട്രഷറി ബിൽ നം.40/31-03-2023) അനുവദിച്ചിട്ടുണ്ട്.

02-04-2021 തിയതിയിലാണ് ടി ഗുണഭോക്താവിന്റെ വിവാഹം നടന്നിട്ടുള്ളതെങ്കിലും 22-12-2022 തിയതിയിലാണ് ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ളത്. വിവാഹം കഴിഞ്ഞ് 180 ദിവസം കഴിഞ്ഞ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ ആനുകൂല്യം അനുവദിക്കുന്നതിന് ജില്ലാ കളക്ടറുടെ 15-03-2023 തിയതിയിലെ 573/2020/ഡി.പി.ഒ/പി.കെ.ഡി/ഡി.പി.സി നമ്പർ കത്ത് പ്രകാരം അനുമതി ലഭ്യമാക്കിയിട്ടുണ്ട്. 2022-23 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിക്കുവാൻ പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 08-03-2023 തിയതിയിലെ 9(11) നമ്പർ ഭരണ സമിതി തീരുമാനം പ്രകാരം മേൽ സൂചിപ്പിച്ച ഗുണഭോക്താവിന് 125000/- രൂപ അനുവദിക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ടി പദ്ധതി പ്രകാരം രാമൻ.എ വ്യക്തിയുടെ അക്കൗണ്ടിലേക്ക് 125000/- രൂപ ട്രാൻസ്ഫർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

26-10-2022 തിയതിയിലെ ജി.ഒ.(ആർ.ടി)നം.2593/2022/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം 15-10-2022 തിയതിക്ക് ശേഷം നടന്ന വിവാഹത്തിന് മാത്രമാണ് എസ്.സി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായമായി 125000/- രൂപ അനുവദിക്കാവുന്നത്. 02-04 -2021 തിയതിയിൽ നടന്ന വിവാഹത്തിന് 125000/- രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/07.09.2023) 26-10-2022 തിയതിയിലെ പ്രസ്തുത ഉത്തരവ് മനസ്സിലാക്കിയതിൽ വന്ന പിഴവാണ് തുക നൽകുന്നതിന് കാരണമായത് എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്.

സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ അനുവദിച്ച അധിക തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നത് വരെ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 പഠനമുറി നിർമ്മാണം- പദ്ധതി പൂർത്തീകരിച്ചിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 26/23 |
| അടങ്കൽ | 975000/- (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് | 575000/- 75000/- ട്രഷറി ബിൽ |

| | |
|---|---|
| | നം./തിയതി 17/22-06-2022 50000/-ട്രഷറി ബിൽ നം./തിയതി 43/31-03-2023 200000/- ട്രഷറി ബിൽ നം./തിയതി 41/31-03-2023 250000/- ട്രഷറി ബിൽ നം./തിയതി 39/31-03-2023 |

1) പദ്ധതി പ്രകാരം 10 ഗുണഭോക്താക്കൾ ആദ്യ ഗഡു 50000/- രൂപ വീതം കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് | പേരും വിലാസവും |
|---|---|
| 10 | അഭിനന്ദന.എ.എസ്, D/oആറുച്ചാമി, പൂലാമ്പാറ, വാളയാർ |
| 2 | അരുൺ.പി.എസ്, S/o സരോജിനി, എസ്.കെ.എം, ഒ.പി.പി, നാല് സെന്റ് കോളനി |
| 20 | അശ്വിനി.ജി, D/o.ഗോപി.എ, ആലമ്പള്ളം, പുതുശ്ശേരി |
| 21 | സുനിഷ.പി, D/o. പത്മനാഭൻ, കുന്നേക്കാട്, പുതുശ്ശേരി |
| 1 | നവ്യ.ബി, D/o. ഭാസ്കരൻ, കൊല്ലംപറമ്പ്, വടക്കേത്തറ, പുതുശ്ശേരി |
